ദീപിക

06 May 2017

# മത്സ്യക്ഷാമ പാക്കേജ് വേണമെന്ന് മത്സ്യത്തൊഴിലാളികൾ

**കൊച്ചി:** കഴിഞ്ഞ വർഷങ്ങളിൽ മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞതിനാൽ മത്സ്യക്ഷാമ പാക്കേജ് പ്രഖ്യാപിക്കണമെന്ന് മത്സ്യത്തൊഴിലാളികൾ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടത്തിയ മത്സ്യത്തൊഴിലാളി-മത്സ്യകർഷക സംഗമത്തിൽ കേന്ദ്രമന്ത്രി സുദർശൻ ഭഗതുമായി നടത്തിയ ചർച്ചയിലാണ് മത്സ്യത്തൊഴിലാളികൾ ഈ ആവശ്യമുന്നയിച്ചത്.

2012നു ശേഷം കേരളത്തിൽ മത്സ്യലഭ്യതയിൽ വൻ ഇടിവാണ് സംഭവിച്ചത്. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ലാഭം നേടിത്തന്നിരുന്ന മത്തിയുടെ വൻതോതിലുള്ള കുറവ് മത്സ്യമേഖലയിൽ ദുരിതം വിതച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഏകദേശം 10,000 കോടിയുടെ നഷ്ടം സംഭവിച്ചതായാണ് പഠനങ്ങൾ.

ഇതുമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് മത്സ്യക്ഷാമ പാക്കേജ് വേണമെന്ന് മത്സ്യത്തൊഴിലാളി ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ചാൾസ് ജോർജ് പറഞ്ഞു. മത്സ്യമേഖലയ്ക്ക്മാത്രമായി കേന്ദ്രത്തിൽ പ്രത്യേക മന്ത്രാലയം രൂപീകരിക്കണമെന്നും ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ ആവശ്യമുന്നയിച്ചു. പെരിയാർ മലിനീകരണം തടഞ്ഞ് കൃഷിയോഗ്യമാക്കുന്നതിന് പദ്ധതികൾ വേണമെന്നും മറ്റ് കാർഷിക വിളകൾക്ക് നിലവിലുള്ളത് പോലെ കൂടുമത്സ്യ കൃഷിക്കും ഇൻഷ്വറൻസ് പരിരക്ഷ വേണമെന്നും മത്സ്യകർഷക പ്രതിനിധികൾ പറഞ്ഞു.

വൈപ്പിൻകരയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വതന്ത്രമായി ഹാർബർ വേണമെന്നും ചർച്ചയിൽ ആവശ്യമുയർന്നു. മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചു.

സംസ്ഥാന സർക്കാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിറവേറ്റുന്നതിന് കേരള സർക്കാറിനോട് ആവശ്യപ്പെടും.

പെരിയാർ മലിനീകരണമടക്കം മത്സ്യത്തൊഴിലാളികളും മത്സ്യകർഷകരും നേരിടുന്ന പ്രശ്നങ്ങൾ വിശദമായി വിലയിരുത്തുന്നതിന് സിഎംഎഫ്ആർഐയിൽ യോഗം വിളിച്ചു ചേർക്കുമെന്നും മന്ത്രി അറിയിച്ചു.